LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരന്തവും ദുരിതാശ്വാസ നടപടികളും

90 [95] ശ്രീ. കെ. പി. രാജേന്ദ്രൻ:

" ബിനോയ് വിശ്വം:

" പി. നാരായണൻ:

" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തത്തിൽപ്പെട്ട് എത്ര പേർക്ക് ജീവഹാനി നേരിട്ടു; എത്രപേരെ കാണാതായി; എത്ര പേർ അനാഥരായി; എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾ എത്ര; തൊഴിൽ ചെയ്യാനാവാതെ കഷ്ടപ്പെടുന്നവർ എത്ര; വിശദമാക്കാമോ;

(ബി) സുനാമി ദുരിതബാധിതരുടെ പുനരധിവാസവും മറ്റ് ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇതിനായി ഇതുവരെ എത്ര തുക ചിലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു; എത്ര തുക ലഭിച്ചു;

(ഡി) സുനാമി ദുരന്തത്തിൽ ഒരേ മാനദണ്ഡമനുസരിച്ച് സംസ്ഥാനങ്ങൾക്ക് ധനസഹായം നൽകുന്നതിന് കേന്ദ്ര തീരുമാനമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന് ദോഷകരമാണെന്നുള്ള വിവരം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഇ) സുനാമി പോലുള്ള പ്രകൃതിക്ഷോഭങ്ങൾ മുൻകൂട്ടി അറിയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; ഈ സംവിധാനങ്ങളിലെ അപര്യാപ്തതകൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) തീരദേശവാസികളുടെ ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ചുള്ള പ്രത്യേക പാക്കേജ് പദ്ധതി വിശദമാക്കുമോ; ഈ പാക്കേജിൽ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടികളുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മരണപ്പെട്ടവർ 203 (സംസ്ഥാനത്തിനകത്ത് 171-ഉം പുറത്ത് 32-ഉം). സംസ്ഥാനത്തിനകത്ത് കാണാതായവരെക്കുറിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. മറ്റു വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ആവശ്യാനുസരണം പുനരധിവാസ ക്യാമ്പുകൾ ആരംഭിക്കുവാൻ നടപടി കൈക്കൊണ്ടു. ക്യാമ്പുകളിൽ ഭക്ഷണം, കുടിവെള്ള വിതരണം, ആവശ്യമായ വൈദ്യ സഹായം എന്നിവ ലഭ്യമാക്കാൻ നിർദ്ദേശം നൽകി. തീരപ്രദേശത്തെ കുടുംബങ്ങൾക്കും അഴിമുഖം പോലെയുള്ള പ്രദേശത്തെ

ദുരന്തബാധിതർക്കും രണ്ട് മാസത്തെ റേഷൻ സൗജന്യമായി നൽകാൻ നടപടി എടുത്തു. മൃതദേഹങ്ങൾ ബന്ധുക്കൾക്ക് സത്വരമായി നൽകുന്നതിന് വേണ്ട നിർദ്ദേശം നൽകി. റേഷൻ കാർഡുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ നഷ്ടപ്പെട്ട വർക്ക് ക്യാമ്പുകളിൽ വച്ചുതന്നെ നൽകാനുള്ള ഏർപ്പാടുണ്ടാക്കി. പുസ്തകം, നോട്ടുബുക്ക്, യൂണിഫോം എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകം, നോട്ടുബുക്ക്, രണ്ട് സെറ്റ് യൂണിഫോം എന്നിവ ക്യാമ്പിൽ വച്ചുതന്നെ വിതരണം ചെയ്യാൻ നടപടി എടുത്തു. മരണപ്പെട്ടതിൽ മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും, കുട്ടികളുടെ അവകാശികൾക്ക് 50,000 രൂപയും അംഗഭംഗം സംഭവിച്ചവർക്ക് 25,000 രൂപയും, പരിക്കുപറ്റിയവർക്ക് 5,000 രൂപയും ഡിസംബർ 26, 27 തീയതികളിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലെ ക്യാമ്പുകളിൽ പ്രവേശിച്ച വർക്ക് ഒരു കുടുംബത്തിന് 1,000 രൂപ എന്ന നിരക്കിൽ ധനസഹായം വിതരണം ചെയ്തു. തീരദേശ മത്സ്യബന്ധന മേഖലകളിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറുമാസക്കാലത്തേക്ക് നീട്ടിവയ്ക്കാനും സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ഹൗസിംഗ് ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും മൂന്നു മാസം ദീർഘിപ്പിക്കുവാൻ തീരുമാനിച്ചു. ദുരന്തബാധിത പ്രദേശങ്ങൾ വൃത്തിയാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടു. ആവശ്യം വേണ്ടുന്ന കടൽഭിത്തി നിർമ്മാണത്തിനും, റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും, കുടിവെള്ള പദ്ധതിക്കും അനുവാദം നൽകി. മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയിലേക്ക് ഡിസംബർ മാസത്തെ തൊഴിലാളി വിഹിതം ദുരിതാശ്വാസ നിധിയിൽനിന്ന് നൽകാൻ തീരുമാനിച്ചു. മത്സ്യബന്ധനോപകരണങ്ങൾ നന്നാക്കാനും നൽകുന്നതിനും 13.85 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചു.

(സി) കേന്ദ്ര ഗവൺമെന്റിന് നൽകിയ നിവേദനത്തിൽ 1358.62 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് ലഭ്യമായത് 100 കോടി രൂപ.

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര തീരുമാനം ലഭിച്ചിട്ടില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) മത്സ്യബന്ധന മേഖലയിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറുമാസത്തേക്ക് നീട്ടിവയ്ക്കാൻ മാത്രമേ തീരുമാനിച്ചിട്ടുള്ളൂ.

പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് മുന്നറിയിപ്പ്

91 [96] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസംബർ 26-ന് ഉണ്ടായ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ഗവൺമെന്റിനോ, ഗവൺമെന്റിന്റെ ഏതെങ്കിലും ഏജൻസികൾക്കോ ഏതെങ്കിലും തരത്തിലുള്ള മുന്നറിയിപ്പ് എവിടെ നിന്നെങ്കിലും ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly